ഉറവിട മാലിന്യസംസ്കരണ പദ്ധതി

219 (3196) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര പ്രചാരണം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ജൈവമാലിന്യം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ പ്രചാരത്തിലാക്കുന്നതിനായി ആയതിന്റെ സബ്സിഡി ഘടനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്തെ 750 ഓളം ഗ്രാമപഞ്ചായത്തുകളിലും 59 നഗരസഭകളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്കും കമ്പോസ്റ്റിംഗ് സംവിധാനങ്ങൾക്കും ഉയർന്ന തരത്തിലുള്ള സബ്സിഡി ലഭ്യമാക്കുകയുംനിരവധി ബോധവൽക്കരണ പരിപാടികൾ നടത്തുകയും മാലിന്യ സംസ്കരണ മാർഗങ്ങളെക്കുറിച്ചുള്ള കൈപുസ്തകങ്ങൾ ഇറക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജനപിന്തുണ ഏറിയിട്ടുണ്ട്.

(ബി) ജൈവമാലിന്യം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാർ സാമ്പത്തിക സഹായവും 25% തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ചേർത്ത് ആകെ 75% സബ്സിഡിയായി ഉയർത്തി നിലവിൽ നൽകി വരുന്നുണ്ട്.

(സി) ബാധകമല്ല.

വയോജന നയം

220 (3197) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ വയോജന നയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ എണ്ണം എടുത്തിട്ടുണ്ടോ ; അറുപത് വയസ് മുതൽ മുകളിലേക്കുള്ള എജ്ഗ്രൂപ്പിലുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്നറിയിക്കുമോ ;

(സി) വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ഡി) പഞ്ചായത്തുകൾ തോറും വൃദ്ധജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി വയോജന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) വൃദ്ധരുടെ വർദ്ധനവ് മുൻകൂട്ടികണ്ട് ഭാവിയിൽ വൃദ്ധരുടെ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ വയോജന നയം 6-5-2013-ലെ സ.ഉ.(എഎസ്.) നമ്പർ 37/2013 സാനീവ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വൃദ്ധ ജനങ്ങളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ വയോജനങ്ങൾക്കായി 15 സർക്കാർ വൃദ്ധസദനങ്ങളും 532 സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിലൂടെ നിർദ്ധനരും അനാഥരും സംരക്ഷിക്കാനാളില്ലാത്തവരുമായ വയോജനങ്ങൾക്ക് സൗജന്യമായ താമസം, ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ നൽകുന്നുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ്, ഓർഫനേജ് കൺട്രോൾ ബോർഡ് വഴി ഗ്രാൻഡ് നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ധനസഹായത്തോടെ വൃദ്ധജനങ്ങളുടെ സംയോജിത സംരക്ഷണ പദ്ധതിയും നടപ്പിലാക്കിവരുന്നു. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ പ്രവർത്തനത്തിലേക്ക് നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നു. കൂടാതെ ക്ഷേമപെൻഷൻ പദ്ധതിയായി ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് കഴിഞ്ഞവർക്ക് 600 രൂപയും 80 വയസ് കഴിഞ്ഞവർക്ക് 1200 രൂപയും നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വൃദ്ധരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ 14 ജില്ലകളിൽ വൃദ്ധമന്ദിരങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ വൃദ്ധസദനങ്ങളിലേയും സന്നദ്ധ സംഘടനകളുടെ വൃദ്ധസദനങ്ങളുടെയും ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷയ്ക്കായി ഭാരതീയ ചികിത്സാവകുപ്പുമായി സംയോജിച്ച് വയോ അമൃതം, വയോ സുകൃതം എന്നീ ആയുർവേദ ചികിത്സാ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. മെയിന്റനൻസ് & വെൽഫെയർ ഓഫ് പാരന്റ്സ് & സീനിയർ സിറ്റിസൺ ആക്ട് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനായി 'വയോമിത്രം' എന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ആശ്രയ പദ്ധതി

221 (3198) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2002-03 സാമ്പത്തിക വർഷമാണ് കേരളത്തിൽ ആശ്രയ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme).

(ബി) അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതി പ്രകാരം ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര

LIBRARY ARCHIVES Kerala Legislative Assembly